# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.956 08/01/2014 – ൽ മറുപടിക്ക്

### ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹിദ്<br>,, ഷാഫി പറമ്പിൽ<br>,, ഹൈബി ഈഡൻ<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഇ.എസ്.ഐ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും സമഗ്രവും സമ്പൂർണ്ണവുമായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും രോഗാവസ്ഥ, ഗർഭാവസ്ഥ, സ്ഥിരമായോ താൽകാലികമായോ ഉണ്ടാകുന്ന വൈകല്യങ്ങൾ, ജോലിസ്ഥലത്തു വച്ചുണ്ടാകുന്ന അപകടങ്ങളാൽ ഉണ്ടാകുന്ന മരണങ്ങൾ എന്നിവയിൽ തൊഴിലാളികൾക്ക് സാമ്പത്തികാനുകൂല്യം ഉറപ്പുവരുത്തുന്നു. പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് എല്ലാത്തരത്തിലുമുള്ള ആരോഗ്യ പരിരക്ഷ നിരവധി ഡിസ്പെൻസറികൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ, ഇ.എസ്.ഐ ആശുപത്രികൾ എന്നിവവഴി സൗജന്യമായി ഉറപ്പുവരുത്തുന്നു. ഇതു കൂടാതെ പ്രസവാനുകൂല്യം, സിക്ക്നെസ് ബെനിഫിറ്റ്, പെർമനന്റ് ഡിപ്പൻഡന്റ് ബെനിഫിറ്റ്, ഫ്യൂണറൽ എക്സ്പെൻസ്, കൺഫൈൻമെന്റ് എക്സ്പെൻസ് തുടങ്ങിയ സാമ്പത്തിക ആനുകൂല്യങ്ങളും നൽകുന്നു. ചുരുക്കത്തിൽ ഇ.എസ്.ഐ ആക്റ്റിൽ |

പറഞ്ഞിട്ടുള്ള തരത്തിൽ തൊഴിലാളികളുടെ സാമൂഹ്യ- സാമ്പത്തിക ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുക എന്നതാണ് ഇ.എസ്.ഐ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

ബി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള ശമ്പള പരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

ബി) ഉയർത്തുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം വന്നിട്ടില്ല.

(സി) സംസ്ഥാനത്ത് ഇത് മൂലം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

ഡി) ശമ്പള പരിധി ഉയർത്തിയതു മൂലം സംസ്ഥാനത്തെഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;വിശദാംശങ്ങൾ എന്തെല്ലാം?

സി&ഡി) ഉദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ